(എ) ഡി.പി.ഇ.പി. യുടെ നടത്തിപ്പ് സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയ്ക്ക് ദോഷം ചെയ്യുമെന്ന വിമർശനത്തിന്റെ വെളിച്ചത്തിൽ സർക്കാർ പ്രസ്തുത പദ്ധതി നടത്തിപ്പ് പുനരവലോകനത്തിന് വിധേയമാക്കിയിട്ടുണ്ടോ ;

(ബി) ഡി.പി.ഇ.പി. ഉപേക്ഷിക്കുവാൻ അഥവാ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലേക്കു കൂടി വ്യാപിപ്പിക്കുവാൻ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ ;

(സി) ഡിപി.ഇപി. നടത്തിപ്പിലേക്ക് നാളിതുവരെ എന്തു തുക ചെലവായിട്ടുണ്ട് ?

ഉത്തരം

(എ) ഡി.പി.ഇ.പി.യുടെ നടത്തിപ്പ് സംസ്ഥാനത്തെ വിദ്യാഭ്യാസ മേഖലയ്ക്ക് വളരെ ഗുണം ചെയ്തിട്ടുള്ളതിനാൽ പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് പുനരവലോകനത്തിന് വിധേയമാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

(ബി) ഇല്ല.

(സി) ഡി.പി.ഇ.പി. യുടെ നടത്തിപ്പിനു വേണ്ടി 31-1-2001 വരെ 12875 ലക്ഷം രൂപ ചെലവായിട്ടുണ്ട്.

ഏരിയാ ഇന്റൻസീവ് പ്രോഗ്രാമനുസരിച്ചുള്ള സ്കൂളുകൾ

88 (629) ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. ചെർക്കളം അബ്ദുള്ള :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏരിയാ ഇന്റൻസീവ് പ്രോഗ്രാമനുസരിച്ചു സ്കൂളുകൾ നടത്തുന്നതിനു സർക്കാരിൽ എത്ര അപേക്ഷകൾ ലഭിച്ചു ;

(ബി) ഈ അപേക്ഷകളെല്ലാം കേന്ദ്ര ഗവൺമെന്റിനു സമർപ്പിച്ചു കഴിഞ്ഞോ ;

(സി) ഇനിയും അയച്ചു കൊടുക്കാൻ അപേക്ഷകൾ ബാക്കിയുണ്ടോ ; എങ്കിൽ എത്ര ;

(ഡി) ഇത് എന്നത്തേക്ക് കേന്ദ്ര ഗവൺമെന്റിനു അയച്ചു കൊടുക്കും ;

(ഇ) അപേക്ഷകൾ കേന്ദ്ര ഗവൺമെന്റിനു അയച്ചു കൊടുക്കാൻ കാലതാമസം ഉണ്ടായിട്ടുണ്ടോ ;

(എഫ്) അപേക്ഷിച്ചതിൽ ഏതെല്ലാം സ്കൂളുകൾക്ക് അംഗീകാരം നൽകി. അവ എന്നത്തേയ്ക്ക് തുടങ്ങുവാൻ സാധിക്കും ;

(ജി) ഇതിലേക്ക് അനുവദിച്ചു കിട്ടിയ ഫണ്ട് എത്രയെന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഈ പദ്ധതിയിൻ കീഴിൽ സ്കൂളുകൾ ആരംഭിക്കുന്നതിലേയ്ക്കായി 20 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ അപേക്ഷകളിൽ സംസ്ഥാനതല ഗ്രാന്റ് ഇൻ എയ്ഡ് കമ്മിറ്റി ശുപാർശ ചെയ്ത അനുയോജ്യമായ 8 അപേക്ഷകൾ കേന്ദ്ര സർക്കാരിന്റെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

(സി) പരിഗണനാർഹമായ അപേക്ഷകൾ ഇല്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

(ഇ) ഇല്ല.

(എഫ്) സ്കൂളുകൾ തുടങ്ങുവാനുള്ള നിർദ്ദേശം കേന്ദ്ര സർക്കാരിൽ നിന്നും ലഭിച്ചിട്ടില്ല.

(ജി) കേന്ദ്ര സർക്കാരിന് സമർപ്പിക്കപ്പെട്ട അപേക്ഷകളിൽ ഇതുവരെ ഫണ്ട് ഒന്നും അനുവദിച്ചിട്ടില്ല.

പുതിയ സ്കൂളുകൾ അനുവദിക്കുന്നതിന് നടപടി

89 (630) ശ്രീ. എൻ. കണ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രൈമറി വിദ്യാലയങ്ങൾ ഇല്ലാത്ത പ്രദേശങ്ങളിൽ പുതിയ സ്കൂളുകൾ ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) 8 കി. മീ: ദൂരത്തിനിടയിൽ സ്കൂളുകൾ ഇല്ലാത്ത വണ്ടൂരിലെ കരുവാരക്കുണ്ട് പഞ്ചായത്തിലെ പാന്തറ പ്രദേശത്ത് സ്കൂൾ അനുവദിക്കുവാൻ സർക്കാർ നടപടി സ്വീകരിക്കുമോ ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പ്രൈമറി സ്കൂൾ പുതുതായി അനുവദിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ഇതു സംബന്ധിച്ച് നയപരമായ തീരുമാനങ്ങളൊന്നും സർക്കാർ കൈക്കൊണ്ടിട്ടില്ല.

(സി) മൂന്ന്.

എൽ.പി./യു.പി. സ്കൂളുകൾ അപ്ഗ്രേഡ് ചെയ്യാൻ നടപടി

90 (631) ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly